**നം. കെ.എസ്.എ.15952/ഐ.റ്റി.2/2016**

കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം, 695 033
തീയതി :12.5.2016
ഫോൺ: 0471-2303640
ഇ-മെയിൽ : director.ksad@kerala.gov.in
വെബ്സൈറ്റ് : www.lfa.kerala.gov.in

**<u>സർക്കുലർ നം: 06/2016</u>**

വിഷയം: കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- എയിംസ് - അക്കൗണ്ട്സ്- ഇ സബ്മിഷൻ- തുടർ നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന: സ.ഉ.(എം.എസ്.)നം.30/2016 ത.സ്വ.ഭ.വ, തീയതി:09/02/2016

സൂചനയിൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം 2015-16 വർഷം മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാർഷിക ധനകാര്യ പത്രികകൾ മാനുവൽ ആയി നൽകുന്നതോടൊപ്പം എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഇ-സബ്മിഷൻ കൂടി നടത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇ-സബ്മിഷൻ സുഗമമായി നടപ്പാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികകളുടെ ഹാർഡ് കോപ്പി നൽകുന്നതോടൊപ്പം എയിംസ് സോഫ്റ്റ്‌വെയറിലൂടെ ഇ-സബ്മിഷൻ കൂടി നടത്തുവാൻ താങ്കളുടെ ഓഫീസിന്റെ പരിധിയിൽ വരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കർശനമായി നിർദ്ദേശം നൽകേണ്ടതാണ്. ഇ-സബ്മിഷൻ മുഖേന ലഭിച്ച വാർഷിക ധനകാര്യ പത്രികകൾ മാത്രമേ എയിംസിലൂടെ പ്രോഗ്രാം ചെയ്യാൻ സാധിക്കുകയുള്ളൂ.
2. എയിംസ് സോഫ്റ്റ്‌വെയറിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട്സ്, 2015-16 മുതൽ 'റിസീവ്ഡ് ' സ്റ്റാറ്റസ് ആക്കിയാൽ വാർഷിക ധനകാര്യ പത്രികകളുടെ ഇ-സബ്മിഷൻ നടക്കുകയില്ല. ആയതിനാൽ അക്കൗണ്ട്സ് ടാബിന് പ്രിവിലേജ് ലഭിച്ചിട്ടുള്ളവർ എ.എഫ്.എസ് സ്റ്റാറ്റസ് 'റിസീവ്ഡ്' ആക്കാൻ പാടില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ പത്രികകൾ സ്വീകരിക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ഒപ്പ്**
**ഡയറക്ടർ ഇൻ ചാർജ്ജ്**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**

പകർപ്പ് :-

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്തുന്ന എല്ലാ ഉപകാര്യാലയങ്ങൾക്കും
2. എസ്.എസ്. സെക്ഷൻ
3. കാര്യാലയ പകർപ്പ്

**ഉത്തരവിൻ പ്രകാരം**